പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3051 15/02/2013 ൽ മറുപടിയ്ക്ക്

## കുറുവ വില്ലേജിന്റെ വിഭജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ കുറുവ വില്ലേജ് വിഭജിക്കണെമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) കുറുവ വില്ലേജ് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റവന്യൂ ഭരണത്തിന്റെ അടിസ്ഥാന യൂണിറ്റായ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഏതാനും ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ അടിയന്തിരമായി രൂപീകരിക്കേണ്ടതുണ്ട്. ഈവിഷയത്തിനാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത് .ആകയാൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ കുറുവ വില്ലേജ് ഉൾപ്പെടെയുള്ള മറ്റ് റവന്യൂ യൂണിറ്റുകളുടെ വിഭജനം സംബന്ധിച്ച വിഷയം ഇപ്പോൾപരിഗണനയിലില്ല. |
| (ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ ജന സംഖ്യ പരിധിയുള്ള വില്ലേജുകളിലൊന്നായ കുറുവ വില്ലേജ് വിഭജിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ